ടെലഫോൺ : 0471-2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ. 0114/എ2-എസ്റ്റാ/LPE/2024/എൻ.സി.സി

09 ഡിസംബർ 2024

പ്രേക്ഷിതൻ

അഡിഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

സ്വീകർത്താവ്

എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും,
യൂണിറ്റുകൾക്കും

സർ,

വിഷയം : **എൻ.സി.സി വകുപ്പിലെ എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ്/ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് തസ്തിക അനുവദിക്കുന്നതിന് യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.**

സൂചന :

(1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ) വകുപ്പിന്റെ 03.01.2014 തീയതിയിലെ സ.ഉ (പി) നം. 1/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(2) ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിന്റെ 10.12.2020 തീയതിയിലെ എ2/188/2020/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

(3) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ) വകുപ്പിന്റെ 19.07.2014 തീയതിയിലെ സ.ഉ (പി) നം. 21/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(4) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ) വകുപ്പിന്റെ 28.05.2015 തീയതിയിലെ സ.ഉ (പി) നം. 16/2015/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(5) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ) വകുപ്പിന്റെ 20.06.2015 തീയതിയിലെ സ.ഉ (പി) നം. 16/2015/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(6) ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിന്റെ 04.10.2021 തീയതിയിലെ എ2/157/2021/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

(7) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ) വകുപ്പിന്റെ 21.07.2022 തീയതിയിലെ സ.ഉ (അച്ചടി) നം. 6/2022/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(8) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ) വകുപ്പിന്റെ 16.03.2023 തീയതിയിലെ സ.ഉ (അച്ചടി) നം. 4/2023/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(9) ഈ ഡയറക്ടറേറ്റിന്റെ 08.04.2024 തീയതിയിലെ 0114//എ2-എസ്റ്റാ/LPE/2024/എൻ.സി.സി നമ്പർ ഉത്തരവ്.

(10) ഈ ഡയറക്ടറേറ്റിന്റെ 15.05.2024 തീയതിയിലെ 1243/എ2-III-എസ്റ്റാ/2024/എൻ.സി.സി നമ്പർ ഉത്തരവ്.

1. സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളിലേക്ക് അതത് വകുപ്പുകളിലെ ക്ലാസ് IV/സബോർഡിനേറ്റ് ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും (എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളുടെ ശമ്പള സ്കെയിലിനു താഴെ ഉള്ളവർ) തസ്തികമാറ്റം വഴി അതതു വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ 10% ഒഴിവുകളിലേക്ക് യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ച് നൽകുന്നതിന് വ്യവസ്ഥകളോടെ ഉത്തരവായിരുന്നു. ആയത് പ്രകാരം എൽ.ഡി ക്ലാർക്ക് തസ്തികകയ്ക്ക് മേഖലാ അടിസ്ഥാനത്തിലും, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകയ്ക്ക് സംസ്ഥാനതല അടിസ്ഥാനത്തിലും കേഡർ സ്ട്രെങ്ത് നിജപ്പെടുത്തി സൂചന (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

.....2/-

2. കൂടാതെ സീനിയർ ഗ്രേഡ് ഡ്രൈവർ, ഡ്രൈവർ ഗ്രേഡ്-I എന്നീ തസ്തികകളിൽ ഉള്ള ജീവനക്കാർക്ക് സൂചന (6) സർക്കാർ കത്ത് പ്രകാരം, എൽ.ഡി ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ തസ്തിക മാറ്റ നിയമനത്തിനായി അപേക്ഷിക്കാവുന്നതാണ്. ആയതിനു വേണ്ടി ഈ വകുപ്പിന്റെ കീഴിലുള്ള എല്ലാ ജീവനക്കാർക്കും (ഡ്രൈവർ തസ്തിക ഉൾപ്പെടെ) ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിൽപ്പെട്ട ജീവനക്കാർക്കും (എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളുടെ ശമ്പളത്തെക്കാൾ താഴ്ന്ന സ്കെയിലിലുള്ളവർ) ചുവടെ കൊടുത്തിരിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കാവുന്നതാണ്. **സൂചന (9), (10) പ്രകാരമുള്ള ഉത്തരവുകളിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർ വീണ്ടും അപേക്ഷിക്കേണ്ടതില്ല എന്ന് കൂടി അറിയിക്കുന്നു. സൂചന (9) പ്രകാരമുള്ള ഉത്തരവിലെ ജീവനക്കാർ MOP യോഗ്യത നേടിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.**

<u>യോഗ്യതകൾ</u> :- എൽ.ഡി.സി

(a) അപേക്ഷകർ എസ്.എസ്.എൽ.സിയോ തത്തുല്യ യോഗ്യതയോ നേടിയിരിക്കണം.

(b) തസ്തികമാറ്റം ലഭിക്കാൻ അർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തികരിച്ചിരിക്കണം.

(c) ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തികരിച്ചിരിക്കണം.

(d) MOP ടെസ്റ്റ് യോഗ്യത (15.03.2025 ന് ഉള്ളിൽ നേടിയിരിക്കണം)

<u>യോഗ്യതകൾ</u> :- എൽ.ഡി. ടൈപ്പിസ്റ്റ്

(a) അപേക്ഷകർ എസ്.എസ്.എൽ.സിയോ തത്തുല്യ യോഗ്യതയോ നേടിയിരിക്കണം.

(b) കെ.ജി.റ്റി.ഇ യുടെ ടൈപ്പ്റൈറ്റിംഗ് ലോവർ സർറ്റിഫിക്കറ്റ്, കംപ്യൂട്ടർ വേഡ് പ്രോസസ്സിംഗ് സർറ്റിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(c) ജനുവരി 2002 കെ.ജി.റ്റി.ഇ യുടെ ടൈപ്പ്റൈറ്റിംഗ് ലോവർ സർറ്റിഫിക്കറ്റ് ഉള്ളവർ കംപ്യൂട്ടർ വേഡ് പ്രോസസ്സിംഗോ തത്തുല്യ യോഗ്യതയോ നേടിയിരിക്കണം.

(d) അല്ലെങ്കിൽ മിലിട്ടറിയിൽ 15 വർഷത്തിൽ കുറയാത്ത സേവനമുള്ള ക്ലാർക്കുമാർ.

(e) തസ്തികമാറ്റം ലഭിക്കാൻ അർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തികരിച്ചിരിക്കണം.

(f) ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തികരിച്ചിരിക്കണം.

3. എല്ലാ ഓഫീസുകളിലും ജീവനക്കാരുടെ അപേക്ഷകൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്ന പ്രൊഫോർമയിൽ തയ്യാറാക്കേണ്ടതും വിദ്യാഭ്യാസ, വകുപ്പുതല (MOP) തുടങ്ങിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഓഫീസ് തലവൻ പരിശോധിച്ച് ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പോടുകൂടി ബന്ധപ്പെട്ട ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ സമർപ്പിക്കേണ്ടതുമാണ്. ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിക്കപ്പെട്ടവരുടെ സീനിയോറിറ്റിയും, നിയമനാർഹതയും അവരുടെ ഓപ്റ്റഡ് ജില്ലയിയിലായിരിക്കും. തസ്തികമാറ്റം ലഭിക്കുന്നവരുടെ കാര്യത്തിൽ അവർക്ക് നിയമനം ലഭിക്കുന്ന ജില്ല അവർ തിരഞ്ഞെടുക്കുന്ന ജില്ലയായി കണക്കാക്കുന്നതും, ടി ജില്ലയിൽ നിന്നുള്ള സ്ഥലം മാറ്റങ്ങൾക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമായിരിക്കും. എൻ.സി.സി വകുപ്പിൽ ജില്ലാതല ആഫീസുകൾ ഇല്ലാത്തതിനാൽ എൽ.ഡി.സി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി മേഖലാ ആഫീസുകളുടെ പരിധിയിലുള്ള ജില്ലകളിലെ ഫീഡർ കാറ്റഗറികളുടെ സംയോജിത സിനിയോറിറ്റി ആണ് കണക്കാക്കുന്നത്. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള തസ്തിക മാറ്റ നിയമനത്തിന് സംസ്ഥാന തലത്തിലുള്ള ഫീഡർ കാറ്റഗറികളുടെ സംയോജിത സിനിയോറിറ്റിയുമാണ് കണക്കാക്കുന്നത്. കൂടാതെ സൂചന (8) സർക്കാർ ഉത്തരവ് പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റ നിയമനത്തിൽ ക്ലാർക്ക്

.....3/-

തസ്തികയിൽ യോഗ്യതയായി MOP ടെസ്റ്റ് പാസ്സാകുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ താഴ്ന്ന വിഭാഗം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റ നിയമനത്തിന് ടെസ്റ്റ് യോഗ്യത നേടുന്നതിന് 16.03.2023 തീയതിമുതൽ 2 വർഷത്തെ ഇളവ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സമയപരിധിക്കുള്ളിൽ നിയമനത്തിന് മറ്റു തരത്തിൽ യോഗ്യരായവർക്ക് 15.03.2025 തീയതിക്കുള്ളിൽ യോഗ്യത ആർജ്ജിക്കണമെന്ന വ്യവസ്ഥക്ക് വിധേയമായി താത്കാലിക തസ്തികമാറ്റം അനുവദിക്കുന്നതും, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ടി യോഗ്യത നേടാത്തവരെ മുൻ തസ്തികയിൽ റിവർട്ട് ചെയ്യുന്നതുമാണ്. 16.03.2025 തീയതി മുതൽ MOP ടെസ്റ്റ് യോഗ്യത ആർജ്ജിക്കാത്ത ജീവനക്കാരെ ടി തസ്തികമാറ്റ നിയമനത്തിന് പരിഗണിക്കുന്നതായിരിക്കില്ല.

4. എൽ.ഡി ക്ലാർക്ക് തസ്തികയ്ക്കും, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയ്ക്കും പ്രത്യേകമായി സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനാൽ അപേക്ഷകളും പ്രത്യേകമായി തന്നെ അയക്കേണ്ടതാണ്. എല്ലാ യൂണിറ്റുകളും യോഗ്യരായ ജീവനക്കാരുടെ വിവരങ്ങൾ (ജീവനക്കാരന്റെ അപേക്ഷയും, സർട്ടിഫിക്കറ്റിന്റെ പകർപ്പും, പ്രൊഫോർമ സഹിതം) 24 ഡിസംബർ 2024 തീയതിക്കകം ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലും, ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾ തങ്ങളുടെ ജീവനക്കാരുടെ അപേക്ഷകളും ഉൾപ്പെടെ 28 ഡിസംബർ 2024 തീയതിക്കകം ഈ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. അവസാന തീയതി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല എന്ന് കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

എൻ.സി.സി ഡയറക്ടറേറ്റ്
സംസ്ഥാന വിഭാഗം
തിരുവനന്തപുരം-10
കേരളവും ലക്ഷദ്വീപും

(വിനീഷ് കെ.എസ് )
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡിഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

ഉള്ളടക്കം : മേൽ സൂചിപ്പിച്ച പോലെ

പകർപ്പ് :-

ഓഫീസ് വെബ് സൈറ്റ്

എ4 സെക്ഷൻ - ഡയറക്ടറേറ്റിലെ ജീവനക്കാരുടെ അപേക്ഷകൾ തയ്യാറാക്കി ഐ.ഒ.എൻ സഹിതം ബന്ധപ്പെട്ട സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

എ2-II/എ2-III സെക്ഷൻ - അറിവിലേക്കും അനന്തര നടപടികൾക്കും.

**ജി.ഒ (പി) നം. 01/2014 ഉ.ഭ.പ.വ തീയതി 03.01.2014 പ്രകാരം എൽ.ഡി.സി/എൽ.ഡി.റ്റി തസ്തിക മാറ്റം ആഗ്രഹിക്കുന്ന എൽ.ജി.എസ് ജീവനക്കാരുടെ ( സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഉൾപ്പെടെ ) വിവരങ്ങൾ**

ഓഫീസ് :

| Ser No | Name and Designation | Date of joining duty | Whether completed 03 years of service in the existing post and Date of completion of 3 years | Date of declaration of probation | Edn. Qualification | Dept Qualification and Date of pass of MOP | Whether category changed. If yes, details |
|---|---|---|---|---|---|---|---|
| | | | | | | | |

Signature of Head of Office

COUNTERSIGNED

Group Commander